ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബസ്സുകൾ, സിനിമാ തീയേറ്ററുകൾ എന്നിവിടങ്ങളിൽ ഇരിക്കുന്ന ആളുകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ചെറുതല്ല. അതുകൊണ്ട് അത് നിരോധിക്കാൻ കഴിയണം. ഞാൻ ഈ ബിൽ 1992-ൽ കൊണ്ടു വന്നതാണ്. അതിനുശേഷം ഗവൺമെൻറ് കുറെ സ്ഥലങ്ങളിൽ പുകവലി നിരോധിച്ചിട്ടുണ്ട്. ഈ ബിൽ കൂടിയുണ്ടായിരുന്നുവെങ്കിൽ ഗവൺമെൻറിന് നിരോധന നിയമത്തിൻറെ ആനുകൂല്യം കൂടി ഉണ്ടാകുമായിരുന്നു. അപ്പോൾ ഗവൺമെൻറിന് യുക്തമെന്നു തോന്നിയത്, നിയമസഭാ നടപടികളോടുള്ള അലംഭാവം കൊണ്ടാണ് പാസ്സാക്കിയെടുക്കാൻ കഴിയാതെ പോയത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കണം, ഗവൺമെൻറ് ഈ നിയമത്തെ സംബന്ധിച്ച് തീരുമാനമെടുക്കുമെന്ന് വിശ്വസിക്കുന്നു. ഈ ബിൽ പാസ്സാക്കുന്നതിനുവേണ്ടി സഭയിലെ അംഗങ്ങൾ സഹകരിക്കുമെന്ന് ഞാൻ കരുതുന്നു.

(ചർച്ച പൂർത്തിയായില്ല)

(4) 1993-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ

ശ്രീ. കെ. പ്രകാശ് ബാബു അവതരിപ്പിച്ചതും 14-7-1995-ൽ ചർച്ച തുടങ്ങിവച്ചതുമായ 1993-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിൻമേലുള്ള ചർച്ച പുനരാരംഭിച്ചു.

(ചർച്ച പൂർത്തിയായില്ല)

മി. സ്പീക്കർ: ഇനി നേരത്തെ അവതരിപ്പിച്ച ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ച. പ്രൊഫസർ മീനാക്ഷിതമ്പാനു സംസാരിക്കാം.

(5) 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യുവർ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. സാമൂഹ്യ പുരോഗതിക്കനുസൃതമായി നിയമം ഭേദഗതി ചെയ്യപ്പെടേണ്ടതുണ്ട്, വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്. ഈ തത്വം ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 125-ാം വകുപ്പിൻറെ കാര്യത്തിൽ ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഇവിടെ കൊണ്ടുവരുന്ന ഭേദഗതി നിയമം കേരളാ ഗവൺമെൻറ് സ്വമേധയാ കൊണ്ടുവരേണ്ടതായിരുന്നു. അത്രയ്ക്ക് പ്രാധാന്യമുള്ള ഒരു അമൻറുമെൻറാണ് ഞാൻ കൊണ്ടുവരുന്നത്. അഭിഭാഷകരുടേയും സ്ത്രീകളുടേയും സമ്മേളനങ്ങളിലും കുടുംബ കോടതിയിലെ ജഡ്ജിമാരും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. 22-23 വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച മെയിൻറനൻസിൻറെ സീലിംഗ് മാറണം എന്നുള്ളത് ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും ഒരഭിപ്രായമായി ഞാനിവിടെ അവതരിപ്പിക്കുകയാണ്. സി. ആർ. പി. സി. 125 അനുസരിച്ച് വിവാഹിതയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ തക്കതായ കാരണങ്ങളാൽ സ്വമേധയാ മാറി താമസിക്കുകയോ ചെയ്യുന്ന ഭാര്യയ്ക്ക് പുനർവിവാഹം ചെയ്യുന്നതുവരെ ഭർത്താവിൽനിന്ന് സംരക്ഷണച്ചെലവ്

LIBRARY ARCHIVES Kerala Legislative Assembly